(സി) സംസ്ഥാനത്ത് ഒരു വർഷം ഉദ്ദേശം 1,000 കോടി രൂപയുടെ വിപണനം നടക്കുന്ന കപ്പിവെള്ള മേഖലയിൽ സ്വകാര്യ ബോട്ടലിംഗ് പ്ലാന്റുകളുടെ സമ്മർദ്ദത്തിനു വഴങ്ങാതെ കുടിവെള്ള ബോട്ടലിംഗ് പ്ലാന്റുകൾ ആരംഭിച്ച് ജനതാൽപര്യം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ 7200 എൽ.പി.എച്ച്. കുപ്പിവെള്ള പദ്ധതിക്കായി സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചു ഇവയിൽ പ്ലാന്റ് ആന്റ് മെഷിനറിയുടെയും ഇലക്ട്രിക്കൽ വർക്സിന്റെയും ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. സിവിൽ വർക്സിന്റെ റീടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

(സി) നടപടി സ്വീകരിക്കും. ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള കുപ്പിവെള്ളം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ 7200 എൽ.പി.എച്ച്. കുപ്പിവെള്ള പദ്ധതിക്കായി സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ മൂന്ന് വിഭാഗമായി തിരിച്ച്, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി.) ഡാറ്റാ പ്രകാരം. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചു ഇവയിൽ പ്ലാന്റ് ആന്റ് മെഷീനറിയുടെയും ഇലക്ട്രിക്കൽ വർക്സിന്റെയും ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. സിവിൽ വർക്സിന്റെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി.) കീഴിൽ ഹില്ലി അക്വ എന്ന കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. ഈ പ്ലാന്റുവഴി ഉത്പാദിപ്പിക്കുന്ന കുപ്പിവെള്ളം മിതമായ വിലയ്ക്ക് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തി സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്തു വരുന്നു.

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ സ്പാൻ പദ്ധതി

178 (3613) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പാൻ പദ്ധതിയിലൂടെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന എല്ലാ പ്രവൃത്തികളും എന്നാണ് പൂർത്തീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര ഹൗസ് കണക്ഷനുകൾ നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സ്റ്റാൻ പദ്ധതി പ്രകാരം എത്ര രൂപ ചെലവഴിച്ചാണ് ശ്രീകൃഷ്ണപുരം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്റ്റാൻ പദ്ധതിയിലൂടെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയിലെ എല്ലാ പ്രവൃത്തികളും 30-6-2014 -ന് പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും ഇതുവരെ വാട്ടർ കണക്ഷൻ നൽകിയിട്ടില്ല. ടയൽ റൺ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉടൻതന്നെ കണക്ഷൻ നൽകുന്നതാണ്.

(സി) ഈ പദ്ധതിക്ക് 3124.11 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിൽ 3111.03 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി

179 (3614) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ;

(സി) പദ്ധതിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഒന്നാംഘട്ടമായി പതിനാറാമത് എസ്.എൽ.എസ്.എസ്.സി. 2011-ൽ ഉൾപ്പെടുത്തി 1500 ലക്ഷം രൂപയ്ക്ക് 11-5-2012-ന് ഭരണാനുമതിയും 24-5-2012-ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത് :

LIBRARY ARCHIVES Kerala Legislative Assembly